രൂപീകരിക്കുന്നതിനുള്ള നടപടികൾ സർക്കാർതലത്തിൽ സ്വീകരിച്ചുവരുന്നു. നിയമ ഭേദഗതികളെല്ലാം നിയമസഭ പാസ്സാക്കിയിട്ടുള്ളതാണ്.

(ഡി) ഒരു ആഡിറ്റ് കമ്മിഷൻ രൂപീകരിക്കേണ്ടതിന്റെ ആവശ്യകത യെപ്പറ്റി സെൻ കമ്മിറ്റിയുടെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭ രണ സ്ഥാപനങ്ങളുടെ ആഡിറ്റിനുവേണ്ടി മാത്രമുള്ള ഒരു സ്വതന്ത്ര ആഡിറ്റ് കമ്മീഷനാണ് സെൻ കമ്മിറ്റി വിഭാവനം ചെയ്തിട്ടുള്ളത്. കമ്മീഷന്റെ ഘടന, അധികാരങ്ങൾ തുടങ്ങിയ വിശദാംശങ്ങൾ തീരുമാനിക്കേണ്ടിയിരിക്കുന്നു.

337 (1530) ഏകീകൃത വാടക സംബന്ധിച്ച നിയമ നിർമ്മാണം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നഗരങ്ങളിലെ വാടകക്കെട്ടിടങ്ങളിൽ താമസി ക്കുന്നവർ കെട്ടിട ഉടമകളിൽനിന്നും നേരിട്ടുകൊണ്ടിരിക്കുന്ന അമിത അഡ്വാൻസ് തുക ആവശ്യപ്പെടൽ, ഇടയ്ക്കിടയ്ക്ക് കൂടുതൽ വാടക ചോദി ക്കൽ, ഒഴിപ്പിക്കൽ ഭീഷണി തുടങ്ങിയവ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട ഉടമകളുടെ ചൂഷണത്തിൽനിന്ന് വാടകക്കാരെ രക്ഷി ക്കുന്നതിന് എന്തെങ്കിലും നിയമം നിലവിലുണ്ടോ; വിശദാംശം വെളിപ്പെടു ത്തുമോ;

(സി) കെട്ടിടങ്ങളുടെ വാടക നിജപ്പെടുത്തുന്നതിനും അടിക്കടി വാടക വർദ്ധിപ്പിക്കുന്ന പ്രവണത അവസാനിപ്പിക്കുന്നതിനും ഏകീകൃത വാടക സമ്പ്രദായം ഏർപ്പെടുത്തുന്നതിനും ഉപയുക്തമായ നിയമനിർമ്മാണം നടത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇത് സംബന്ധിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) 1965 ലെ കേരള ബിൽഡിംഗ് ലീസ് ആന്റ് റെന്റ് കൺട്രോൾ ആക്ട് നിലവിലുണ്ട്.

(സി) നിലവിലുള്ള നിയമം സമഗ്രമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ഭവന നിർമ്മാണ വകുപ്പ് സ്വീകരിച്ചുവരുന്നു.

338 (1531) ശുചിത്വ പരിശീലനത്തിന് പ്രത്യേക സംവിധാനം

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. എം.എ. തോമസ് :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു ശുചിത്വ പരിശീലനത്തിന് പ്രത്യേക സംവി ധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ശുചിത്വം പരിപാലിക്കുന്നതിന്റെ പ്രാധാന്യം സംബന്ധിച്ച് ജന ങ്ങളിൽ അവബോധം സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) പരിസര ശുചീകരണത്തിനുവേണ്ടി സന്നദ്ധ സംഘടനകളെ കൂട്ടിയിണക്കി ഒരു സംസ്ഥാനതല പദ്ധതിക്ക് രൂപം നൽകുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ശുചിത്വം വിളംബരം ചെയ്യുന്ന പ്രചരണങ്ങൾ ഗ്രാമീണതലത്തിൽ സംഘടിപ്പിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്ന സമ്പൂർണ്ണ ശുചിത്വ ആരോഗ്യ പരിപാടിയുടെ ഭാഗമായി സംസ്ഥാനതലം മുതൽ ഗ്രാമ പഞ്ചായത്തുവരെ വിവിധ തലങ്ങളിൽ പരിശീലനങ്ങൾ സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന പദ്ധതിവിഹിതം വിനിയോഗിച്ച് നടത്തുന്ന ശുചിത്വ-ആരോഗ്യ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിലെ ആരോഗ്യ മേഖലയിലെ കർമ്മസമിതി അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നൽകുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തെ പ്രത്യേകമായി ചുമതപ്പെടുത്തിയിട്ടുണ്ട്.

(ബി) സ്വീകരിക്കുന്നതാണ്.

(സി) ഇതിനുവേണ്ടി സംസ്ഥാനതലത്തിൽ ഒരു ശുചിത്വ ആരോഗ്യ മിഷന് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

(ഡി) പരിശോധിക്കുന്നതാണ്.

339 (1532) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ തുക

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1997-98, 1998-99 എന്നീ വർഷങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക നൽകി;

(ബി) ഇതിൽ എന്തു തുക ചെലവഴിച്ചു;

(സി) എന്തു തുകവീതം ഡെപ്പോസിറ്റ് വർക്കുകളുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്തിരുന്നു;

(ഡി) ഈ ഓരോ വർഷവും ഡെപ്പോസിറ്റ് വർക്കുകൾക്കുവേണ്ടി ഡെപ്പോസിറ്റ് ചെയ്തിരുന്ന തുകയ്ക്കുള്ള വർക്ക് മുഴുവൻ പൂർത്തിയാക്കിയോ;

(ഇ) ഇല്ലെങ്കിൽ എത്ര ശതമാനം പൂർത്തിയാക്കിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 1997-98 ൽ 749 കോടി രൂപയും 1998-99 ൽ 950 കോടി രൂപയും

(ബി) ചെലവഴിച്ച് തുകയെ സംബന്ധിച്ച് വിവരം താഴെ ചേർക്കുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനം	രൂപ കോടിയിൽ 1997-98	1998-99
ഗ്രാമ പഞ്ചായത്തുകൾ	404.48	342.72

LIBRARY ARCHIVES Kerala Legislative Assembly